ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01-01-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1.) പുതിയ പ്രതീക്ഷകളുമായി പുതുവർഷത്തിലേക്ക് ചുവടുവെച്ച് രാജ്യം; പുതുവത്സരാശംസകൾ നേർന്ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും.

**The country steps into the new year with new hopes; President, Prime Minister and Chief Minister extend New Year greetings.**

2.) സ്കൂൾ വിദ്യാഭ്യാസത്തിന് ദിശാബോധം നൽകുന്ന ദേശീയ മാനദണ്ഡമായി പി.എം ശ്രീ പദ്ധതി മാറണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**PM Shri scheme to become a national benchmark that provides direction for school education–Prime Minister Narendra Modi.**

3.) രാജ്യത്തെ ബ്രോഡ്ബാൻഡ് വരിക്കാരുടെ എണ്ണത്തിൽ - കഴിഞ്ഞ 10 വർഷത്തിനിടെ ആറിരട്ടിയുടെ വർധനയെന്ന് കേന്ദ്ര സർക്കാർ.

**The number of broadband subscribers in the country has increased sixfold in the last 10 years, the Central Government said.**

4.) തൊഴിലാളികൾക്കും തൊഴിലുടമകൾക്കും വേണ്ടിയുള്ള SPREE പദ്ധതി ഈ മാസം 31 വരെ നീട്ടിയതായി ഇ.എസ്.ഐ കോർപ്പറേഷൻ.

**The SPREE scheme for workers and employers has been extended till 31st of this month– ESI Corporation.**

5.) സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമ പഠന പരിപാടി നവകേരളം സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാമിന് ഇന്ന് തുടക്കം.

**The state government's development welfare study program, Nava Kerala Citizen Response Program, begins today.**

6.) ദേശീയ ജൂനിയർ ഖോ ഖോ ചാമ്പ്യൻഷിപ്പിന് ബെംഗളൂരുവിൽ തുടക്കമായി.

**The National Junior Kho Kho Championship begins in Bengaluru.**

&&&&&&&&&&&&&&&&&&&&&&&&&&&&&

## NEW YEAR CELEBRATIONS (INTRO)

പുതിയപ്രതീക്ഷകളുമായി രാജ്യം പുതുവർഷത്തിലേക്ക് ചുവടുവെച്ചു. രാജ്യത്തെ പ്രധാന നഗരങ്ങളെല്ലാം വലിയ ആഘോഷങ്ങളോടെയാണ് 2025-നോട് വിട പറഞ്ഞതും 2026-നെ വരവേറ്റതും. പൗരന്മാർക്ക് രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും മുഖ്യമന്ത്രി പിണറായി വിജയനും പുതുവൽസരാശംസകൾ നേർന്നു.സംസ്ഥാനത്തും വിപുലമായ പുതുവത്സരാഘോഷങ്ങളാണ് നടന്നത്.

(ഒരു റിപ്പോർട്ട്)

## NEW YEAR CELEBRATIONS (VOICE)

സംസ്ഥാനത്തെ വിവിധ നഗരങ്ങളിലെ പുതുവൽസരാഘോഷ കേന്ദ്രങ്ങളിൽ ജനത്തിരക്കേറി. സംസ്ഥാനത്ത് പുതുവർഷപ്പിറവിയുടെ അടയാളമായ പപ്പാഞ്ഞിയെ കത്തിക്കലും ഗംഭീരമായി നടന്നു. പ്രധാനമായി ഫോർട്ട് കൊച്ചിയിലും

തിരുവനന്തപുരത്തുമാണ് പടുകൂറ്റൻ പപ്പാഞ്ഞിമാരെ കത്തിച്ചത്. കൂടാതെ പലയിടങ്ങളിലും ചെറുപപ്പാഞ്ഞിമാരെ കത്തിച്ചുകൊണ്ടും പുതുവർഷത്തെ വരവേറ്റു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങി എല്ലാ നഗരങ്ങളിലും പുതുവർഷമാഘോഷിക്കാൻ വൻ ജനാവലിയാണ് ഒത്തുകൂടിയത്. തിരക്ക് കണക്കിലെടുത്ത് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളും സജ്ജമാക്കിയിരുന്നു. ന്യൂസ് ഡെസ്ക് ആകാശവാണി.......

&&&&&&&&&&&&&&&&&&&&&&&&&&&&&&

## PRAGATI – PM

സ്കൂൾ വിദ്യാഭ്യാസത്തിന് ദിശാബോധം നൽകുന്ന ദേശീയ മാനദണ്ഡമായി പി.എം ശ്രീ പദ്ധതി മാറണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ നടന്ന പ്രഗതിയുടെ 50-ാമത് യോഗം അവലോകനം ചെയ്യുകയായിരുന്നു അദ്ദേഹം. റോഡ്, റെയിൽവേ, വൈദ്യുതി, ജലവിഭവങ്ങൾ, കൽക്കരി ഉൾപ്പെടെ മേഖലകളിലായി അഞ്ച് നിർണായക അടിസ്ഥാന സൗകര്യ പദ്ധതികൾ യോഗത്തിൽ, ശ്രീ മോദി അവലോകനം ചെയ്തു. 40,000 കോടിയിലധികം രൂപ ചെലവു വരുന്ന ഈ പദ്ധതികൾ അഞ്ച് സംസ്ഥാനങ്ങളിലായാണ് നടപ്പാകുന്നത്. വിവര സാങ്കേതിക വിദ്യ സംയോജിപ്പിച്ച് മികച്ച ഭരണം കാഴ്ച്ചവയ്ക്കുന്നതിനുള്ള ഐ.സി.ടി അധിഷ്ഠിത മൾട്ടി-മോഡൽ പ്ലാറ്റ്ഫോമാണ് പ്രഗതി.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## BROADBAND

കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയിലെ ബ്രോഡ്ബാൻഡ് വരിക്കാരുടെ എണ്ണം ആറ് മടങ്ങ് വർദ്ധിച്ചതായി ടെലികമ്യൂണിക്കേഷൻ വകുപ്പിന്റെ കണക്കുകൾ. 2015 നവംബർ അവസാനത്തോടെ 13.15 കോടി ബ്രോഡ്ബാൻഡ് വരിക്കാർ ഉണ്ടായിരുന്നത് 2025 നവംബർ അവസാനത്തോടെ 100 കോടിയിലധികമായി. ബ്രോഡ്ബാൻഡ് വരിക്കാരുടെ എണ്ണം 100

കോടി കവിഞ്ഞെന്ന നേട്ടവും രാജ്യത്തിന് ഇക്കഴിഞ്ഞ നവംബർ മാസത്തിൽ കൈവരിക്കാനായി.

&&&&&&&&&&&&&&&&&&&&&&&&&&&&&

## VANDE BHARAT SLEEPER

വന്ദേഭാരത് സ്ലീപ്പർ എക്സ്പ്രസ് ട്രെയിനിന്റെ അന്തിമ അതിവേഗ പരീക്ഷണം വിജയകരമായി പൂർത്തിയായി. റെയിൽവേ സുരക്ഷാ കമീഷണറുടെ മേൽനോട്ടത്തിൽ രാജസ്ഥാനിലെ കോട്ട-നാഗ്ദ സെക്ഷനിൽ നടന്ന പരീക്ഷണത്തിൽ ട്രെയിൻ മണിക്കൂറിൽ 180 കിലോമീറ്റർ വരെ വേഗത്തിൽ കുതിച്ചു. സുരക്ഷാ പരീക്ഷണത്തിന്റെ വിഡിയോ സമൂഹമാധ്യമമായ എക്സിൽ റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പങ്കുവെച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&

## REGIONAL DIRECTORATE

വ്യാപാരം എളുപ്പമാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി, കോർപ്പറേറ്റ് കാര്യ മന്ത്രാലയം മൂന്ന് റീജിയണൽ ഡയറക്ടറേറ്റുകളും ആറ് രജിസ്ട്രാർ ഓഫ് കമ്പനീസും തുറക്കും. 2026 ഫെബ്രുവരി 16 മുതൽ ഇവ പ്രവർത്തിച്ച് തുടങ്ങും. വടക്കൻ മേഖലക്കായി ചണ്ഡീഗഡിൽ പടിഞ്ഞാറൻ മേഖലക്കായി നവി മുംബൈ, ദക്ഷിണ പടിഞ്ഞാറൻ മേഖലക്കായി ബംഗലൂരു എന്നിവിടങ്ങളിലാണ് പുതിയ റീജിയണൽ ഡയറക്ടറേറ്റുകൾ സ്ഥാപിക്കുക. ബാംഗ്ലൂർ ഡയറക്ടറേറ്റിന് കീഴിലായിരിക്കും കേരളവും, ലക്ഷദ്വീപും.

&&&&&&&&&&&&&&&&&&&&&&&&&&&&&

## SHIVRAJ SINGH CHOUHAN VISIT MAHARASHTRA

കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാന്റെ മൂന്ന് ദിവസത്തെ മഹാരാഷ്ട്ര സന്ദർശനത്തിന് തുടക്കമായി. അഹല്യ

നഗർ, നാസിക് ജില്ലകളിലാണ് മന്ത്രി പര്യടനം നടത്തുക. കേന്ദ്ര സർക്കാറിന്റെ കർഷക-ഗ്രാമീണ സൗഹൃദ നയങ്ങളുടെയും സംരംഭങ്ങളുടെയും വിശദാംശങ്ങൾ കേന്ദ്രമന്ത്രി വിവിധ പരിപാടികളിൽ പങ്കുവെക്കും. ജലസേചനം, ജലസംരക്ഷണം, വിള ഇൻഷുറൻസ്, മെച്ചപ്പെട്ട വിപണി പ്രവേശനം, സർക്കാർ പദ്ധതികളുടെ നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേന്ദ്രമന്ത്രി കർഷകരുമായി നേരിട്ട് സംവദിക്കും. ഇന്ന് രാവിലെ ബന്ധപ്പെട്ട മന്ത്രാലയങ്ങളിലെയും ഉദ്യോഗസ്ഥരെയും മന്ത്രി വെർച്വൽ അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&&&&&&

## HINDI REVIEW MEET

ഭാഷയെന്നതിലുപരി ദേശീയ ബോധത്തിന്റെയും എല്ലാവരെയും ഉൾക്കൊള്ളുന്ന ആശയവിനിമയത്തിന്റെയും ശക്തമായ മാധ്യമമാണ് ഹിന്ദിയെന്ന് സഹമന്ത്രി ജിതേന്ദ്ര സിങ് പറഞ്ഞു. ന്യൂ ഡൽഹിയിൽ ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ഹിന്ദി ഉപദേശക സമിതിയുടെ യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാസ്ത്രത്തെ സാധാരണക്കാരിലേക്ക് എത്തിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ആശയവിനിമയത്തിന്റെ ഭാഷ ലളിതവും, പ്രാപ്യവും, കൃത്യവുമായിരിക്കണമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&

## FINANCE CAMPAIGN

കേന്ദ്ര ധനകാര്യ സേവന വകുപ്പിന് കീഴിൽ നടത്തി വന്ന നിങ്ങളുടെ പണം, നിങ്ങളുടെ അവകാശം എന്ന പ്രചാരണ പരിപാടിക്ക് സമാപനം. 2025 ഒക്ടോബർ മുതൽ ഡിസംബർ വരെ നടന്ന പരിപാടി 2025 ഒക്ടോബർ 4 ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ ധനമന്ത്രി നിർമല സീതാരാമനാണ് ഉദ്ഘാടനം ചെയ്തത്. അവകാശികളില്ലാത്ത സാമ്പത്തിക ആസ്തികൾ

കണ്ടെത്താനും അർഹരായവർക്ക് കൈമാറാനും പരിപാടിയിലൂടെ കഴിഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&

## PM –CABINET (INTRO)

കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയ ദേശീയ പാത വികസന പദ്ധതികൾ രാജ്യത്തെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ആദിവാസി മേഖലകളിൽ സമഗ്ര വികസനം ത്വരിതപ്പെടുത്തുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. യാത്രാ സമയം ഗണ്യമായി കുറയ്ക്കുകയും രാജ്യത്തിന്റെ പടിഞ്ഞാറൻ കിഴക്കൻ മേഖലകളുമായുള്ള ബന്ധവും ചരക്ക് കൈമാറ്റവേഗതയും ശക്തിപ്പെടുത്തുമെന്നും പ്രധാനമന്ത്രി ശ്രീ മോദി സാമൂഹ്യമാധ്യമ പോസ്റ്റിൽ പറഞ്ഞു. രണ്ട് പ്രധാന ഹൈവേ പദ്ധതികൾക്ക് ഇന്നലെ ചേർന്ന കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയത്. നാസിക് - സോലാപൂർ ആറുവരി ഹൈവേ ഇടനാഴി, ഒഡീഷയിലെ ദേശീയ പാത 326 വീതികൂട്ടൽ എന്നീ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. 374 കിലോമീറ്റർ ദൈർഘ്യമുള്ള നാസിക് - സോലാപൂർ ഹൈവേ ഇടനാഴി 19,142 കോടി രൂപ ചെലവിലാണ് നിർമിക്കുന്നത്. നാസിക്, അഹല്യാനഗർ, സോലാപൂർ തുടങ്ങിയ പ്രധാന നഗരങ്ങളെ കുർണൂലുമായി ബന്ധിപ്പിക്കുന്നതാണ് നിർദിഷ്ട പദ്ധതിയെന്ന് മന്ത്രിസഭാ യോഗ തീരുമാനം വിശദീകരിച്ച കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&&&

## SPREE 2025

തൊഴിലാളികൾക്കും തൊഴിലുടമകൾക്കും വേണ്ടിയുള്ള പ്രോൽസാഹന പദ്ധതി SPREE 2025 ഈ മാസം 31 വരെ നീട്ടി ESI കോർപ്പറേഷൻ. 2025 ജൂലൈ 1 ന് ആരംഭിച്ച പദ്ധതി ഇന്നലെ അവസാനിച്ച സാഹചര്യത്തിലാണ് പദ്ധതി നീട്ടിയത്. സാമൂഹിക സുരക്ഷാ പരിരക്ഷ വിപുലീകരിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. രജിസ്റ്റർ ചെയ്യാത്ത തൊഴിലുടമകൾക്കും ജീവനക്കാർക്കും, പരിശോധനകളോ മുൻകാല കുടിശ്ശികകളോ രേഖകളുമായി ബന്ധപ്പെട്ട ആവശ്യകതകളോ കൂടാതെ, ESI യുടെ ഭാഗമാകാനുള്ള അപൂർവ അവസരമാണ് ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## CITIZEN RESPONSE PROGRAM

സംസ്ഥാന സർക്കാരിന്റെ 'നവകേരളം സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം' വികസന ക്ഷേമ പഠന പരിപാടിക്ക് ഇന്ന് തുടക്കം. നവകേരള സൃഷ്ടിക്കായുള്ള അഭിപ്രായ നിർദ്ദേശ രൂപീകരണമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ജനങ്ങളിൽ നിന്ന് വികസന നിർദ്ദേശങ്ങളും ക്ഷേമപദ്ധതികൾ സംബന്ധിച്ച അഭിപ്രായങ്ങളും ആശയങ്ങളും ലഭ്യമാക്കാനും, പ്രാദേശികമായ വികസന ആവശ്യങ്ങൾ മനസ്സിലാക്കി ആസൂത്രണം നടത്താനും, അഭിപ്രായങ്ങൾ സമാഹരിക്കാനുമാണ് ഇന്നു മുതൽ ഈമാസം 31 വരെ നടക്കുന്ന ഗൃഹസന്ദർശന പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## ANNOUNCEMENT

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ 2026 ജനുവരി ഒന്ന് മുതൽ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ

പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. ഇന്ന് ഉച്ചയ്ക്ക് 1.45 ന് ആത്മനിർഭർ ഭാരത് എന്ന വിഷയത്തിൽ പ്രശസ്ത സാമ്പത്തിക വിദഗ്ധ മേരി ജോർജുമായുള്ള സംഭാഷണം കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&&&&&&&&&&

## KHO KHO SPORTS

ദേശീയ ജൂനിയർ ഖോ ഖോ ചാമ്പ്യൻഷിപ്പിന് ബെംഗളൂരുവിൽ തുടക്കമായി. രാജ്യത്തുടനീളമുള്ള ആയിരത്തോളം കായികതാരങ്ങൾ പങ്കെടുക്കുന്ന ടൂർണമെന്റ് ലീഗ്-കം-നോക്കൗട്ട് ഫോർമാറ്റിലാണ് നടക്കുന്നത്. ദേശീയ സീനിയർ ഖോ ഖോ ചാമ്പ്യൻഷിപ്പ് ഈ മാസം 11 മുതൽ 15 വരെ തെലങ്കാനയിലും ദേശീയ സബ് ജൂനിയർ ചാമ്പ്യൻഷിപ്പ് 31 മുതൽ ഫെബ്രുവരി 4 വരെ ഹരിയാനയിലും അരങ്ങേറും.

&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&